O32:1M921:11 F2 KAUSALYA DEVI KUNJILAKSHMI KETTILAMMA

O32:1M921:11
F2

921:11 F2
KSHMI
(K.M.).
or
MUL
193601

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:1M921:11·F2

Accession Number 34836

Available for loan from

This book should be returned on or before the date last marked below.

ശ്രീ

# കൌസല്യാദേവി

അഥവാ

## വിധിബലം

(ഒരു ഖണ്ഡകൃതി)

കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ

ഒന്നാംപതിപ്പ് കോപ്പി 1000

വില അണ മൂന്ന്

...ക്ഷ്മീസഹായം അച്ചുകൂടം, കോട്ടയ്ക്കൽ.

1922

032:1M921:11
F2

Kausalyadevi or Vidhi...
by
Mrs. Kunjilakshmi Kettilamma

# അവതാരിക

കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ പരമാർത്ഥമായി പറഞ്ഞിട്ടുള്ളതുപോലെ, 'കേരളത്തിലെ ഇദാനീന്തനകവയിത്രികളിൽ അഗ്രഗണ്യയായ മാന്യമഹിളാമണി' ശ്രീമതി കെ. എം. കുഞ്ഞിലക്ഷ്മികെട്ടിലമ്മയുടെ തൂലികയിൽനിന്നു ജനിച്ച ഒരുത്തമസന്താനമാണ് 'കൌസല്യാദേവി'. ഈ 'ദേവി'യെ യഥോചിതം വേഷം കെട്ടിച്ച് സാഹിത്യരംഗത്തിൽ അവതരിപ്പിക്കേണ്ട ചുമതല ശ്രീമതി കെട്ടിലമ്മ എന്നിലാണ് സമർപ്പിച്ചിരിക്കുന്നത്.

ഭാരതീയരുടെ പൂർവ്വികമായ സാഹിത്യധനം പ്രധാനമായി സൂക്ഷിച്ചിരിക്കുന്നത് രാമായണം ഭാരതം എന്നീ രണ്ടു ഭണ്ഡാരങ്ങളിലാണല്ലൊ. ഇവയിൽനിന്നു കഴിഞ്ഞ അനവധി നൂറാണ്ടുകൾക്കിടയിൽ അമൂല്യങ്ങളായ എത്രയെത്ര രത്നങ്ങളാണ് ഓരോ കലാകുശലന്മാർ പുറത്തെടുത്ത് ഇഷ്ടമുള്ള ഭാഷയിൽ കടഞ്ഞു് കണ്ഠാഭരണങ്ങളും കർണ്ണാലങ്കാരങ്ങളുമാക്കീട്ടുള്ളതെന്നു് ഒരു കണക്കെടുക്കാൻ പ്രയാസം. ഈക്കൂട്ടത്തിൽ നിലത്തിന്നടയിൽ മറഞ്ഞു കിടന്നിരുന്ന ചില രത്നങ്ങളും ഓരോ വിദഗ്ദ്ധന്മാർ കണ്ടുപിടിച്ചു കൈവശപ്പെടുത്തീട്ടുണ്ട്. എന്നാലങ്ങിനെ രാമായണഭാണ്ഡാഗാരത്തിൽ മറഞ്ഞുകിടന്നിരുന്ന ഒരു വസ്തുവാ

ണ് കവനകലാകുശലയായ കെട്ടിലമ്മ പ്രസ്തുതസംഞ്ചിക യിലാക്കി മഹാജനങ്ങളുടെ മുമ്പിൽ നോട്ടത്തിന്നു വെച്ചി രിക്കുന്നതു്.

മനുഷ്യരല്ലാതെ മററാരും തന്നെ കൊല്ലരുതെന്നു വരം വാങ്ങിയിരുന്ന രാവണൻ, സൃഷ്ടികർത്താവും ത്രികാലജ്ഞനുമായ ബ്രഹ്മാവിനെ ധ്യാനിച്ചു വരുത്തി, തന്നെ കൊല്ലുന്നത് ഏതു മനുഷ്യനായിരിക്കുമെന്നു ചോദിക്കുകയും, അയോദ്ധ്യാധിപതിയായ ദശരഥനിൽനിന്നു കൌസല്യയിലുണ്ടാകുന്ന ശ്രീരാമനാണ് നിൻെറ അന്തകനായിത്തീരുന്നതെന്ന് അദ്ദേഹം മറുവടിപറയുകയും ചെയ്യുതിനാൽ, തൻെറ കാലനാവാൻ പോകുന്നവൻെറ മാതാപിതാക്കളുടെ കഥ കഴിച്ചു കളയാമെന്നുള്ള ദുരഹങ്കാരത്തോടു കൂടി ബ്രഹ്മവിധി മാററാനുള്ള രാവണൻെറ മഹത്തായ സംരംഭമാണിതിലെ പ്രമേയം. രാവണൻ, തൻെറ പൌരുഷമെല്ലാം പ്രയോഗിച്ചിട്ടും, കെതിയല്ല വിധിതന്നെയാണ് ജയിച്ചത്. അതാണ് 'വിധിബലം' എന്നുകൂടി പ്രസ്തുത കൃതിക്കു പേർകൊടുക്കാൻ കാരണം.

ഈ കൃതി പൂർവ്വം, മദ്ധ്യമം, ഉത്തരം ഇങ്ങിനെ മൂന്നു ഖണ്ഡങ്ങളാക്കി തിരിച്ചിരിക്കയാണ്. അവയിൽ യഥാക്രമം 34-ം, 35-ം, 38-ം ശ്ലോകങ്ങളുമടങ്ങിയിരിക്കുന്നു. കെട്ടിലമ്മയുടെ കൃതികൾക്ക് ഇയ്യിടയിൽ കണ്ടുവരുന്ന ഗുണപൌഷ്കല്യം ഇതിലെല്ലാ ഭാഗത്തും നല്ലവണ്ണം പ്രകാശിച്ചു കാണുന്നുണ്ട്.

'ഉത്തുംഗവിക്രമ,മിളാധിപതിത്വ,മേവം
സ്വ,ത്തുല്ലസൽപ്രക,ളരോഗവപുസ്സിതെല്ലാം
ഒത്തുള്ളവക്കുമൊരു മേൽവിധിയുള്ള തത്വ-
മെത്തുന്നതില്ല വിഷയോൽക്കടസക്തിമൂലം.'

ഇത് ഒന്നാംഖണ്ഡത്തിൽ, വിധിയോടെതിക്കാമെന്നഹങ്കാരത്തോടുകൂടി പുറപ്പെട്ട രാവണനോടു ബ്രഹ്മാവു പറയുന്നതാണ്. ഈ ഒരു ബോധം ഇന്നും മനുഷ്യൎക്കുണ്ടാകാത്തതാണല്ലോ ലോകത്തിലെ അനൎത്ഥങ്ങൾക്കൊക്കെ കാരണം. ഇനി ഇതുപോലെ, രണ്ടാം ഖണ്ഡത്തിൽ ദശരഥനെ രാവണൻ പുഴയിൽ താഴ്ത്തിയശേഷം ദുഃഖിച്ചു കരയുന്ന കൌസല്യയുടെ ഈ വിലാപവാക്യം നോക്കുക,

'പരിതോഷസമൃദ്ധഭൂതകാലം;
പരിതാപാത്മകമായ വൎത്തമാനം;
ഹരിയോ ഹരി! ഹന്ത! മൽഭവിഷ്യൽ-
ചരിതത്തിൻഗതിയാരറിഞ്ഞിടുന്നു?'

ആരും അറിയുന്നില്ല. കഴിഞ്ഞ കാലത്തൊക്കെ സുഖം; വൎത്തമാനകാലത്തു ദുഃഖം; ഭാവി സംശയഗ്രസ്തം; ഇതാണല്ലോ ലോകരീതി. മൂന്നാം ഖണ്ഡത്തിൽ കാണുന്നതായ

'ഘോരാപദുജ്ജനി, ശുഭപ്രഭാതകാലം
ദൂരാലെങ്കിലുമുലകിൽ കുറിച്ചിടുന്നു;
ആ രാജാവമിതസുഖാൎണ്ണവത്തിലുള്ളം
നീരാടി പ്രിയതമയെത്തലോടി മന്ദം.'

ഈ ശ്ലോകം, സുഖദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ ദുഃഖം, വരുവാൻ പോകുന്ന സുഖത്തിന്റെ സൂചകമാണെന്ന തത്വത്തേയും ചൂണ്ടിക്കാണിക്കുന്നു.

ഇങ്ങിനെ അനേകം തത്വങ്ങളെ അനുഭവരസികത്വത്തോടുകൂടി പ്രതിപാദിക്കുന്ന പല പദ്യങ്ങളും ഇതിലെ മൂന്നു ഖണ്ഡങ്ങളിലും കാണാം. സഹൃദയന്മാൎക്കു ചമൽക്കാരജനകങ്ങളായ പല പുതിയ കല്പനകളും, വിശേഷിച്ച് രചനാചാതുൎയ്യവും ഈ ഖണ്ഡകാവ്യത്തിന്റെ പ്രത്യേകഗുണങ്ങളായി പറയാവുന്നതാണ്. ശ്രീമതി കെട്ടിലമ്മ, ഒരു കുടുംബിനിയുടെ നിലയിൽ പല ഭാരങ്ങളും നിൎവ്വഹിച്ചുവരുന്നതിനിടക്കു്, ഇങ്ങിനെ സ്ഥിരമായി സാഹിത്യപരിശ്രമം ചെയ്യുന്നതിൽ അവരെ അഭിനന്ദിക്കുന്നതോടുകൂടി ഇനിയും ഇത്തരത്തിൽ വിലയേറിയ ഓരോ കൃതിരത്നങ്ങൾ കൈരളിക്കു സമ്മാനിക്കുവാനിടവരണമെന്നു പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

കോട്ടക്കൽ
97 കൎക്കടകം 15-ാംനു

പി. വി. കൃഷ്ണവാരിയർ

UNIVERSITY

# കൌസല്യാദേവി

അഥവാ

## വിധിബലം

### പൂർവ്വഖണ്ഡം

ശ്രീപ്രതാപഗരിമാർണ്ണവ,മമ്പർനാട്ടിൻ-
ദാരിദ്ര്യബീജ,മബലാജനധൂമകേതു,
വൈരിപ്രമത്തഗജതാമൃഗരാ,ട്ടരക്ക-
ന്മാരിൽ പ്രമാണി, വിജയിച്ചിതു പങ്ക്തികണ്ഠൻ. 1

പാട്ടുള്ള രീതിയിലയോനിജനോടു താനെ-
മ്പാടും വരങ്ങളെ വരിച്ചിതു പണ്ടുതന്നേ;
ഈടുററ തന്റെ തിരുവാളുമണച്ചു ശർവ്വൻ,
ചാടുന്ന കപ്പലിനു പായ പിടിച്ചപോലെ. 2

മുന്നേ മഹാവികൃതി; യാസ്ഥിതി പത്മജന്മാ-
വൊന്നേററിവെച്ചു കടലിൽക്കൊടുവായുപോലെ;
എന്നേ വിചിത്ര!മുലകം കിഴമേൽ മറിഞ്ഞി-
ട്ടെന്നേ നമുക്കു പൊതുവിൽപ്പറയാവതുള്ളു. 3

മേല്ക്കോയ്മയെന്ന നിലയാൽത്തല ചാററി നാട്ടിൽ-
ത്തീക്കോരിയിട്ടു, കലിയെത്തുണയാക്കി നിർത്തി,

ഊക്കോലുമിന്ദ്രനൊടെതിൎത്തഥ നാകലോക-
ത്താക്കോലുമക്കളമതി മുഷ്ക്കോടടക്കി വെക്കം. 4

സ്തുത്യാവഹപ്രമദമാരുടെ ചാരുപാതി-
വ്രത്യാഖ്യഭൂഷണമവൻ ബത! തച്ചുടച്ചു!!
അത്യാൎത്തിമൂത്തൊരവിവേകി നടത്തിടും ദു-
ഷ്കൃത്യാവലിക്കു ഭുവി വല്ല കണക്കുമുണ്ടോ? 5

ഇഷ്ടസ്ഥിതിക്കുതകിടാത്തവരെപ്പിടിച്ചു
കഷ്ടപ്പെടുത്തി, മുനിമാരെയടിച്ചകത്തി,
ദുഷ്ടൻ തുറങ്കിനകമാക്കി വലച്ചു നാനാ-
ശിഷ്ടസ്വഭാവരെയഹൎന്നിശമാശരേശൻ. 6

ലങ്കാപുരത്തിലഖിലോത്തമസൽപ്പദാൎത്ഥാ-
ലങ്കാരരാജിമയമാം മണിമേടയിങ്കൽ,
തങ്കാമിതപ്പടി വിളങ്ങിടുമന്നിലിമ്പാ-
ഹങ്കാരഹാരിയൊരുനാളജനെ സ്മരിച്ചു. 7

'എന്തോ! നിശാടവരനപ്പുരിയിങ്കൽനിന്നു
ചിന്തോൎമ്മിമാലകളിലെന്നെ നിനച്ചിടുന്നു;
തൻതോതിനെന്തു ഗതി?'യെന്നലരുണ്ണിയോൎത്തു
സന്തോഷമാൎന്നു ദശവക്ത്രനു മുമ്പിലെത്തി. 8

കീൎത്തിച്ചമാത്രയിലടുത്ത പയോജജന്ദ്രവെ-
പ്പാൎത്തിഷ്ടപൂൎവ്വമൊരു പീഠമെടുത്തിരുത്തി;
ഓൎത്തിപ്രകാരമുരചെയ്തിതു, ബാഹുവീൎയ്യ-
കീൎത്തിച്ഛടാത്രുടിതശങ്കരശൈലദൎപ്പൻ:— 9

"പാരായിടുന്ന പുര തീൎത്തു ജഗത്തിലെന്നും
പേരാണ്ട ശില്പിവര! പത്മജ! ഭക്തബന്ധോ!
നേരായ് ഭവാനു വിനയത്തോടു ചെയ്തിടുന്നേ-
നോരായിരം പ്രണതി പൂൎണ്ണദയാപയോധേ! 10

എന്നിഷ്ടദേവനവിടുത്തോടു കാൎയ്യമായി-
ട്ടൊന്നിപ്പൊളോതുവതിനായ് കരുതി സ്മരിച്ചേൻ;
അന്നിച്ഛ നൽകിയൊരു വേള, മനുഷ്യനാലാ-
ണെന്നിഗ്രഹത്തിനിടയെന്നു കഥിച്ചതില്ലേ? 11

ചാടിക്കയൎത്തസുരരെസ്സമരാങ്കണത്തി-
ലോടിച്ചു, കപ്പമവരിന്നുമണച്ചിടുന്നു;
കൂടില്ല നമ്മൊടൊരുവക്കു; മതാ കുബേരൻ
പേടിച്ചു പുഷ്പകമിവന്നൊഴിയേണ്ടിവന്നു. 12

തീയ്യാണ്ടകണ്ണുടയവന്റെ മഹീധ്രമുള്ള-
കയ്യാലെടുത്തു കുതുകത്തോടു പന്തടിച്ചു;
ചെയ്യാമിവന്നിതി സമസ്തവു,മെന്ന ബോധ-
മിയ്യാളുകൾക്കുമതുപോലവിടേക്കുമില്ലേ? 13

വീരാഗ്രഗണ്യനിവനെങ്ങു? വെറും കൃമിക്കൊ-
ത്തോരാ മനുഷ്യനിരയെങ്ങു നിനച്ചുകണ്ടാൽ?
ധാരാളവിക്രമമെഴും വരകേസരിക്കു
നേരായി നില്പതൊരു മൂഷികപോതമെന്നോ? 14

ഇക്കാലമേതുനിലകൊണ്ടുമശക്യമായോ-
രിക്കാൎയ്യമെങ്ങിനെ വിധിച്ചതു ഹേ വിധേ! നീ?

ഉൾക്കാമ്പിലൊക്കെയുമറിഞ്ഞിട്ടുമുത്തമന്മാ-
രൊക്കാത്ത കാൎയ്യമുരചെയ്വതു യോഗ്യമാമോ?” 15

ഈമട്ടമന്ദപരിഹാസപുരസ്സരം കെ-
ങ്കേമൻ ദശാനനനരച്ചതു കേട്ടശേഷം
ത്തുമന്ദഹാസമിളകി,ത്തലയും കുലുക്കി-
പ്പൂമന്ദിരൻ വിഭു കനിഞ്ഞരുൾചെയ്തു മന്ദം:— 16

“ശ്രീകണ്ഠമാന്യ! ദശകണ്ഠ! സമസ്തരക്ഷോ-
ലോകപ്രഭോ! ഭവതു ഭോ! ഭവുകം ഭവാനിൽ;
പാകം കവിഞ്ഞ തവ ദുൎദ്ധരധൈൎയ്യവീൎയ്യ-
ശ്രീകൾക്കടുത്ത നിലയാമിതു നല്ല ചോദ്യം! 17

എന്നാൽക്കുറച്ചു പറയാം;മൊരു സൃഷ്ടിചെയ്യു-
മന്നാളിലൊട്ടു നിജജീവചരിത്രവൃത്തം
നന്നായ് ഗണിച്ചൊരു തലക്കുറി ഞാൻ കുറിക്കു;-
മെന്നാളുമായതിനവൻ തലതാഴ്ത്തിടേണം. 18

കാട്ടാനതൊട്ടു കൃമിയോളമുദാഹരിച്ചു-
കാട്ടാമി,തൂഴിപതിതൊട്ടിടയൻവരെക്കും;
ക്കുട്ടാക്കുകില്ല ചിലരിപ്പൊരുളെങ്കിലും, മ-
ന്നീട്ടാരിളക്കു?മതിനില്ല പടുത്വമാൎക്കും. 19

ഉത്തുംഗവിക്രമ,മിളാധിപതിത്വ,മേറെ
സത്ത്വ,ജ്വലൽപ്രഭക,ളരോഗവപുസ്സിതെല്ലാം
ഒത്തുള്ളവൎക്കൊരുവന്മേൽവിധിയുള്ള തത്ത്വ-
മെത്തുന്നതില്ല വിഷയോൽക്കടസക്തിമൂലം. 20

കാണിക്കുറപ്പോടു സമുദ്രനടുക്കൊരൊററ-
ത്തൂണിട്ടതിന്നുപരി കെട്ടിയ കോട്ടയിങ്കൽ,
പ്രീണിച്ചു വാണ നൃവരാഗ്രണി വിഷ്ണുരാതൻ
കാണിച്ചൊരാ വിധിപരീക്ഷ ജഗൽപ്രസിദ്ധം. 21

എന്നും മഹത്തരസുധാശനരായു് വിനാശ-
മെന്നുള്ളതററ സുരചാരണപാളിപോലും
എന്നുഗ്രമായ വിധിയാം വലയിൽപ്പതിച്ചീ-
ട്ടുന്നുണ്ടു; രാത്രിചരജാതികൾ പിന്നെയല്ലേ?" 22

ചൊന്നാൻ ധനാധിപതിസോദരഃ—"നെങ്കിലോ നോ-
ക്കൊന്നാകയില്ല മതൃമങ്ങിനെ നിന്നിടട്ടെ;
എന്നാശകാരിനരനുള്ള പിതാക്കളേയും,
തന്നാമധേയവുമെനിക്കറിയേണമിപ്പോൾ". 23

"സൂർയ്യാന്വയക്കടലിലമ്പിളിയാ,യയോദ്ധ്യാ-
ഭൂരാജനാം ദശരഥൻ ധൃതപുണ്യകാണ്ഡൻ,
ശ്രീരാജമാനഗുണശാലിനി കോസലാഖ്യ-
ക്ഷ്മാരാട്ടിനുള്ള സുതയെക്കാതിപോലെ വേൾക്കും.

കന്ദർപ്പകോമളശരീരനവൻ, രതിക്കു-
വൻദർപ്പമാററുമവ, ളായവർ തമ്മിലൊക്കും;
മന്നന്നു തദ്ദയിതയിൽച്ചിതമായ് ത്രിലോകാ-
നന്ദപ്രദൻ തനയനൊന്നു സമുത്ഭവിക്കും. 25

'ശ്രീ'രഞ്ജിതൻ, 'ശ്രുതി'മയൻ, 'ദ്വിജ'രാജപൂജ്യൻ,
പേരാളു'മുത്തമപുമാ', 'നജിതൻ', ധരേശൻ;

ശ്രീരാമനെന്നു തിരുനാമമവന്നു; സാക്ഷാൽ-
നാരായണോപമനവൻ തവ ദണ്ഡപാണി." 26

"ഈ മാത്രമൊട്ടു നരദമ്പതികൾക്കു യോഗ-
ശ്രീ മാറുവാനുചിതമാം പണി ഞാനെടുപ്പൻ;
കാമാനുകൂലമവനല്ല പിതാക്കളെക്കൊ-
ന്നീമാതിരിപ്രബലദുർവ്വിധിയെത്തകർപ്പേൻ." 27

"ആശിച്ചപോലെ വിധി മാറുക" യെന്നുമാത്രം
പേശി, പ്രജാപതി ചിരിച്ചു തിരോഭവിച്ചു;
ഹാ! ശിക്ഷയേറ്റ നിജശത്രു നശിച്ച ധൈര്യം
വീശി, പ്രതാപി പുരിവിട്ടു പുറത്തിറങ്ങി. 28

മാരാരിദത്തമണിവാളൊടു, മൊത്ത മല്ല-
ന്മാരാമരക്കരൊടു, മീശപരഭക്തിയേന്തി,
പാരാതെ രാത്രിയിലയോദ്ധ്യയിലെത്തി, മന്ദ-
മാരാഞ്ഞുപോൽ ദശരഥോർവ്വീപനെത്തരത്തിൽ.

ആ രാജമൌലി, പരിവാരസമേതനായ-
ന്നാരാൽ വടത്തൊഴുകിടും സരയൂനദത്തിൽ
നേരായ് ഗമിച്ചു വിഹരിപ്പതിനെന്നു ചാര-
ദാരാ ധരിച്ചുടനണഞ്ഞു നദീതടംതാൻ. 30

തണ്ടിട്ടു രണ്ടു പുറവും, പുതുമെത്തയുള്ളിൽ-
ക്കൊണ്ടിട്ടു, കാറ്റുതുണി തുമ്പിനു വെച്ചുകെട്ടി,
രണ്ടിഷ്ടതോഴർത്തുഴയേറ്റു കളിച്ചുപോകു-
ന്നുണ്ടിത്ഥമോടമൊരു ദുർവ്വിധിയെന്നപോലെ. 31

സ്വൈരം, തുടൎന്നു കദനം; കഠിനാതപം, പി-
ന്പാരംഭമായി മഴ; പുഞ്ചിരി, വിപ്രലാപം;
സാരം ഗ്രഹിക്കിലിതുതന്നെ മനുഷ്യജന്മം;
ഹാ! രക്ഷ രക്ഷ! രജനീചരകാളരാത്രേ! 32

ഭേട്ടം വള്ളി തടഞ്ഞു കാലി,ലുടനാ-
രാത്രിഞ്ചരേന്ദ്രൻ കുതി-
ച്ചോട്ടം തോണിയെയും ധരാധിപനെയും
പാടേ നശിപ്പിക്കുവാൻ
ക്കൂട്ടം കൌതുകമോടുറച്ചു, പുഴയിൽ-
ച്ചാടി,യൊപ്പുറം പാദമെ-
ന്പാട്ടും ശക്തിയോടൂന്നിവെച്ചവരെയാ-
വെള്ളത്തിലാഴ്ത്തീടിനാൻ. 33

തോണിത്തട്ടു മറിഞ്ഞു ഭൃത്യജനവും
രാജാവുമയ്യോ! പരം
ക്ഷീണിച്ചാത്തടിപെട്ടുപോവതു വിലോ-
കിച്ചും വിനോദിച്ചുമേ
'നാണിച്ചീടണമബ്ജവാസനിതു ക'-
ണ്ടെന്നുച്ചരിച്ചാശര-
ശ്രേണിക്കീശനവൻ തിരിച്ചു ജവമോ-
ടക്കോസലം പുക്കപോൽ. 34

പൂൎവ്വഖണ്ഡം സമാപ്തം

# മദ്ധ്യഖണ്ഡം

---

അതിദുസ്സഹവാർത്ത! കോസലോർവ്വീ-
പതിയിൽ, പങ്ക്തിഗളൻ പടക്കളത്തിൽ
ഹതി ചേർത്തിതു നിഷ്പ്രയാസ,മാരു-
ണ്ടെതിരാർത്തുംഗപരാക്രമന്നു പോരിൽ? 1

ധരണീഗഗനത്തിൽനിന്നിവണ്ണം
നരപാലേന്ദു മറഞ്ഞു മാഞ്ഞശേഷം,
പുരവാസികളാർത്തു തീവ്രദുഃഖ-
ത്തിരമാലയ്ക്കടിപെട്ടനാഥരായി. 2

പൊരുതി ത്രിദിവം ഗമിച്ചു താത-
നൊരുമിച്ചഗ്നിയിലമ്മയും പതിച്ചു;
ഒരു പിൻതുണയില്ല; പാരമുൾക്കാ-
മ്പുരുകിക്കോസലപുത്രി കേണുവാണാൾ. 3

'തിരുവേളിമുഹൂർത്തമായതിന്നാ-
യുരുസംഭാരമൊരുക്കിവെച്ചതെല്ലാം
കരുതാതൊരുമട്ടനർത്ഥവിത്തായ് -
വരുമെന്നോ വിധി നിശ്ചയിച്ചു മുന്നം? 4

നിരുപദ്രവനെൻപിതാവരക്ക-
പ്പെരുമാളോടപരാധമെന്തു ചെയ്തു?

പരുഷാക്രമി പഞ്ചവക്ത്രനോടെ-
ന്തൊരു വൈരക്രിയ മാൻകിടാവു കാട്ടും. 5

പിടിപാടിനശേഷവും പിടിച്ചാ-
മടിയേറിജ്ജനകൻ, ശുഭോപദേശം
വടിവോടു മിവൾക്കുതന്നിടക്കീ-
മുടി ചുംബിപ്പതിനിക്കിനാവു മാത്രം. 6

പരിതോഷസമൃദ്ധഭൂതകാലം;
പരിതാപാത്മകമായ വർത്തമാനം;
ഹരിയോ ഹരി! ഹന്ത! മൽഭവിഷ്യൽ-
ചരിത്രത്തിൻ ഗതിയാരറിഞ്ഞിടുന്നു! 7

ഇടറുന്നു വച,സ്സിടിഞ്ഞിടുന്നൂ-
ത്തട,മംഗം തളരുന്നു, കൺ മയങ്ങി;
ഉടലിൽക്കൊതിയില്ല; തീരമില്ലാ-
ക്കടലിൽപ്പെട്ടൊരു പൈതൽപോലെയായ് ഞാൻ!

ഇളകുന്നു വലത്തുഭാഗ,മാപ-
ത്തളവറ്റെന്തിനിയൊന്നു വന്നിടുന്നു?
വിലയസ്ഥിതി, നീരമറ്റൊരേട-
ത്തലയും മീനിനു വേണ്ടതെന്തു വേറെ? 9

മറിവേറിന ജീവിതപ്പടക്കോ-
പ്പറിയാത്തോ'രബല'സ്സുരാതിശസ്ത്രം
കുറികൊണ്ടു; മഹേശി! നിൻകൃപയ്ക്കീ-
നെറികേടെന്തു വരേണ്ട ബന്ധമല്ലോ! 10

കമലാസന! ദുഷ്പ്രവൃത്ത! രേ രേ!
കുമതേ! രാവണ! കന്മഷൌഘമൂർത്തേ!
മമ ദൃഷ്ടിയിൽ, നിങ്ങൾ രണ്ടുപേരും
സമ;മിപ്പെണ്ണൊടു കൊള്ളുമിപ്രതാപം! 11

ഘനവാർകുഴലൊട്ടഴിഞ്ഞു, കൊങ്ക-
ക്കനകച്ചെപ്പുകൾ നിശ്വസിച്ചുലഞ്ഞും,
അനഘാഭരണങ്ങൾ കൈവെടിഞ്ഞീ-
ടിന പൊൽപ്പൂന്തനു വാടിയും ചടച്ചും; 12

കൊടുമാരികണക്കയന്നിടും കൺ-
ചുടുനീരിൽക്കുചകഞ്ചുകം നനച്ചും,
ഒടുവാവിധി കൈമറിച്ചുവെച്ച-
ന്നൊടുമംഗല്യമിടയ്ക്കനുസ്മരിച്ചും; 13

പല പൂർവ്വചരിത്രമുച്ചരിച്ചും,
തലതല്ലിച്ചെറുകുട്ടിപോലെ കേണും,
നിലവിട്ടു വെറുംനിലത്തു ചിന്താ-
കുല കൌസല്യ കിടന്നുരുണ്ടു പാവം! 14

(വിശേഷകം)

നിജവൈരി പിറപ്പതിന്നു വിത്താ-
യജനുണ്ടാക്കിയൊരക്കുമാരിയാളെ,
ഭുജവിക്രമരാശി യാതുധാന-
വ്രജമുക്താമണി കണ്ടു ഹൃഷ്ടനായാൻ. 15

കടുദുർന്നയനാമവൻെറ കണ്ണിൽ-
പ്പെട്ടുമക്കൺമണിയാളെ വീണ്ടെടുപ്പാൻ

പടുവായയവനുണ്ടോ? ദൈവമേ! വൻ-
കടുവക്കൂട്ടിനകത്തൊരാടു പെട്ടു! 16

ഞൊടികൊണ്ടവളെപ്പിടിച്ചെടുത്ത-
ത്തടിയൻ വാനിലുയൎന്നു യാത്രയായി,
കുഞ്ഞിവിട്ടൊരു കോഴിയെക്കുറുക്കൻ
പിടികൂടിക്കലതികൊണ്ടിടുന്നപോലെ. 17

തരളേക്ഷണ തച്ചലച്ചാക്കെ-
ക്കരയുന്നൊന്നവനില്ല കൂസലേതും;
ദുരഹംകൃതിയാൽ ചിരിച്ചു ലങ്കാ-
പുരവും നോക്കിയവൻ തിരിച്ചടിച്ചു. 18

അരചാത്മജയെപ്പുരത്തിലെങ്ങും
പരമാരാഞ്ഞതു പാഴ്‌വേലയായി,
വരഗാത്രിയുമന്തരിച്ചതായി-
ദ്ധരണീവാസികൾ വിശ്വസിച്ചുറച്ചു. 19

പല ദിക്കുകളും കടന്നുപോയു-
ജ്ജ്വലവാൻ പശ്ചിമവാൎദ്ധിതൻ തടത്തിൽ
അലസാക്ഷിയെ വെച്ചിറങ്ങി; തെല്ലാ-
നിലയിൽത്താനുമിരുന്നു വിശ്രമിച്ചു. 20

‘സ്സുരദത്തമസൌഭഗാംഗിയാമീ-
നരനാരിക്കിഹ നിശ്ചയിച്ച കാന്തൻ
തരസാ നദിയിങ്കലാണ്ടുപോയ-
പ്പരമാൎത്ഥം വിധി കേട്ടറിഞ്ഞിരിക്കാം. 21

അവൻ വല്ലി! യയായുഴിഞ്ഞുവെച്ചോ–
രിവളീമട്ടിലുമെൻകരത്തിലായി;
തവ കല്പനയെക്കുറിച്ചുരക്കാ–
മവസാനം മുഖതാവിലാത്മയോനേ! 22

കനിവോടിവളെ ത്യജിപ്പതായാ–
ലിനിയും വല്ല വഴിക്കനർത്ഥമുണ്ടാം;
കനിവററിവളെത്തുലച്ചു വിട്ടാ–
ലനിശം പെൺകൊലചെയ്ത പേരുമുണ്ടാം. 23

വലയിങ്കലരാതി വീണുവെന്നാൽ–
തലകൊയ്യുന്നതു വീരധർമ്മമല്ലോ;
വിലകെട്ട വരൻ തുലഞ്ഞു; പിന്നെ–
പ്ഫലമെന്താവധുവെത്തുലച്ചു വിട്ടാൽ? 24

ഇരവും പകലും പുറത്തിറങ്ങാൻ
തരമില്ലാതൊരുറച്ച കെട്ടിടത്തിൽ
പുരടാംഗി നിശാടികൾക്കിടക്കെൻ–
പുരഗർത്തിലിരുന്നിടട്ടെ നിത്യം. 25

അതിലും ചെറുതുണ്ടുപദ്രവം;—മെന്നോ–
ടതിവൈരം വളരുന്ന വാനവന്മാർ,
ചതിയോടു മറഞ്ഞു ചാരദൃഷ്ട്യാ
ഗതി നോക്കിപ്പലതും പയററിനോക്കും. 26

സചകനിശ്ചയരോധനത്തിലുണ്ടാ–
മകതാരിൽ പകയോടു പത്മവാസൻ,

തകരാറു പിണപ്പതിന്നു വേണ്ടും-
വക ചിന്തിച്ചു ചതിക്കുവാൻ ശ്രമിക്കും. 27

അതിലും ഗുണമുള്ളുപായമൊന്നെൻ-
മതിയിൽ തോന്നി, മുടക്കമില്ലതിങ്കൽ;
സതിയാൾക്കിനിമേൽസ്സമുദ്രവാസം
മതി; കണ്ടെത്തുകയില്ല മറ്റൊരാളും". 28

പലകക്കഷണങ്ങൾകൊണ്ടു വേഗം
ബലവത്തായൊരു പേടകം ചമച്ചു;
അലസാതതിനുള്ളിലന്നതപ്പോർ-
മുലയാളെദ്ദശകണ്ഠനിട്ടടച്ചു. 29

ചുണയുള്ളൊരു വൻതിമിംഗലത്തെ-
ക്ഷണനേരത്തിലവൻ വിളിച്ചു മന്നിൽ;
അണയുന്നു പയോധിയിങ്കൽനിന്നൽ-
ബ്ബണകൌതൂഹലമക്കരാളസത്വം. 30

"നിരവദ്യഗുണൌഘവാസ! ഭൂമീ-
ധരനീകാശശരീര! മംഗളം തേ;
തിരമാലകളിൽക്കിടത്തിയൊന്നാം-
തരമിപ്പേടകമങ്ങു കാത്തിടേണം. 31

പെരിയോരൊടു ചോദിച്ചു പണ്ടു പണ്ടേ
പെരിയോർക്കുള്ളതു വിഷ്ടപപ്രസിദ്ധം;
പിരിയാതിതു ഞാൻ വരുംവരെക്കും
ശരിയായ് ദൃഷ്ടിപതിച്ചു നോക്കിയാലും. 32

മമ ജീവനിലും വിലപ്പെട്ടന്നോ-
രമലശ്രീമയവസ്തുവുണ്ടിതിങ്കൽ;
രമണീയമിതിന്ദുചൂഡനോടൊ-
ത്തുമ യാചിക്കിലുമങ്ങു കൈവിടൊല്ലേ". 33

അതിനുത്തരം:—"മിക്കനത്ത ദേഹം
മൃതി തീണ്ടിപ്പിണമായ് ഭവിക്കുവോളം
ഇതിനില്ലൊരു നീക്കം" മെന്നുരച്ചു-
സ്ഥിതിയിൽപ്പെട്ടിയെട്ടും തിരിച്ചു മത്സ്യം. 34

തല്ലിത്തീരം തകൎക്കും തിരകളുടെ നടു-
ക്കിത്തരം സത്യവാക്യം
ചൊല്ലിത്തൻപേടകത്തോടവനവിടെ മാ-
ഞ്ഞീടവേ ചാടി വേഗം
കില്ലില്ലാതാശരേന്ദ്രൻ കമലഭവനിയോ-
ഗത്തിനോടൊത്തവണ്ണം
മല്ലിട്ടാഹാ! ജയിച്ചീടിന വിരുതു നടി-
ച്ചെത്തിനാൻ പത്തനത്തിൽ. 35

മദ്ധ്യഖണ്ഡം സമാപ്തം.

# ഉത്തരഖണ്ഡം

വള്ളത്തിൽപ്പെട്ടുമവരെദ്ദശാസ്യനാററിൻ
വെള്ളത്തിൽച്ചതിയൊടു താഴ്ത്തിവിട്ടശേഷം,
ഉള്ളത്തിൽക്കൊടുതരമേന്തിടുന്നൊരാധി-
ത്തള്ളൽക്കൊത്തലകളിലാണ്ടുഴന്നു ഭൂപൻ. 1

വാവിട്ടും, വയറദകം കുടിച്ചു വീർത്തും,
നാവിന്നുള്ളൊരു ചുണയററു കൺതുറിച്ചും,
ശ്രീവിശ്വംഭരനുടെ തൃപ്പദാബ്ജമുള്ളിൽ
സേവിച്ചും, ദൃഢമഹ രക്ഷയെന്നുരച്ചും, 2

വങ്കഷ്ടത്തിനു വഴിയായ ദുർമ്മുഹൂർത്ത-
ത്തിങ്കൽത്താൻ ജലവിഹൃതിക്കു പോന്നതോർത്തും,
തങ്കത്താർമിഴിയുടെ യോഗമിപ്പടിക്കാ-
തങ്കത്താൽ മുറിവതുകൊണ്ടകം കരിഞ്ഞും; 3

കൂലം പാറിടുവതിനുള്ള മാർഗ്ഗമില്ലാ-
താലസ്യശ്ലഥിതശരീരനായ് ഭവിച്ചും,
വൈലക്ഷ്യപ്രഹിതശരം കണക്കിലക്ഷ്മീ-
പാലൻ വൻനദിയിലൊലിച്ചുപോയി ദൂരം. 4

(വിശേഷകം)

തന്നിഷ്ടൻ സഹൃദയനസ്സുമന്ത്രരല്ലോ-
തോന്നിച്ചുള്ളവരഖിലം നശിച്ചു നീരിൽ;

ഉന്നിദ്രവൃദ്ധയിലുമൊപ്പമെന്നു കാട്ടി-
പ്പിന്നിട്ടുണ്ടുവനമട്ടൊത്തൊലിച്ചിടുന്നു.

നാമയ്യോ! വിധിയുടെ പിമ്പിലെന്നപോലേ,
കാമം കാററടിയിലുയൎന്ന പഞ്ഞിപോലേ,
ആമന്ദോൎമ്മണി, ബഹുധാൎത്തനായൊടുക്കം
ശ്രീമത്താം സുരധുനിയിൽക്കടന്നു ശീഘ്രം. 6

* * * * * *

തന്നോടേററടരിനരാതിഭാവപൂൎവ്വം
വന്നോരുല്ലടജലജന്തുവെത്തകൎപ്പാൻ,
അന്നോക്കാതൊരു കുറിയതിമിംഗലം, തൻ-
കൺകോണാട്ടക്കറവോടു പെട്ടി! വിട്ടു പോയാൻ. 7

കൃത്യത്തിൽക്കഴിവിതു കണ്ടപാരകോപ-
പ്രത്യംഗപ്രചകിതമായ് ചമഞ്ഞപോലെ,
അത്യന്തക്ഷുഭിതതരംഗബാഹുവീശ്ശാൽ
പ്രത്യക്ഷം കടലതിനെപ്പിടിച്ചു തള്ളി. 8

കയ്യേറാം രിപുവിനെ നിഗ്രഹിച്ചു, ഭാരം
കയ്യേല്ക്കുന്നതിനു തിരിച്ച വീരസത്വം
പയ്യേ വാൎന്നിധിയിലലഞ്ഞു; ദൃഷ്ടിലോപം,
ചെയ്യുണ്ടും മുറയുടയോൎക്കനൎത്ഥബീജം. 9

പീനത്വം പെരുകിന പേടകം, പയോധി-
സ്നാനം ചെയ്യുന്നപമശുദ്ധമായ് ക്ഷണത്തിൽ
ദീനൻ തന്നരപതിയും, സ്വപുത്രനുമുള്ളാ-
സ്ഥാനത്തിൽ ത്രിപഥഗയിങ്കലെത്തുപെട്ടു. 10

രണ്ടാളും വിഹതവിചേഷ്ടരായ്, വിപത്തിൽ-
ത്തിണ്ടാടി,ത്തടിനിയിലാണ്ടുഴന്നിടുമ്പോൾ,
കണ്ടാറായ്പ്പെരിയൊരു പേടകം, കരിങ്കാ-
റണ്ടാമംബരഭുവി ചഞ്ചലാഭപോലെ. 11

ഉത്തുംഗാനില,നവരായതിന്നടുത്താ-
യെത്തുമാറഹഹ! തരത്തിലൊന്നടിച്ചു;
മെത്തും പുൽക്കൊതിയൊടതാശ്രയിച്ചു ജീവൻ
നിൎത്തുന്നാനിലയിലിരുന്നു രണ്ടുപേരും. 12

ആതങ്കഗ്രഹണമൊഴിഞ്ഞു നിന്നു, പിന്നെ-
ച്ചൈതന്യസ്ഫുരദമൃതാംശു മിന്നി മന്ദം;
സ്ഫീതശ്രീമയമതിനെത്തുറന്നു നോക്കാൻ
ചേതസ്സിൽദ്ദശരഥനാശയങ്കുരിച്ചു. 13

‘നാ,മോളക്കളികളിലാണ്ടതീവ ചിത്ത-
വ്യാമോഹത്തൊടു തനുവൊട്ടുലഞ്ഞ പൊന്നും
ആമോദപ്രദമിതു വീചിമാലയിൽപ്പെ-
ട്ടാ, മോടിക്കൊരു കുറവേററുണ്ടു കാണ്മൂ. 14

ഓരോ ദുൎന്നയരിതുപോലെ പെട്ടിയിൽപ്പ-
ണ്ടോരോ വസ്തുവിനെ വെടിഞ്ഞുവെന്നു കേൾപ്പൂ;
ആരോടിക്കഥ പറയേണ്ടു?തോരിതിൽപ്പെ-
ട്ടാരോമൽത്തനുവൊരു നാരിയോ! പിശാചോ?’ 15

എന്നിത്ഥം മനസി നിനച്ചു മോഹസിദ്ധി-
ക്കൊന്നിച്ചങ്ങിരുവരുദ്യമം തുടങ്ങി;

വന്നില്ലായതിനൊരു ഭേദമീച്ചയുണ്ടോ
കുന്നിന്മേലണകിലിളക്കമായതേൽപ്പൂ? 16

വാരാശിത്തിരകളുയൎന്നടിക്കയാലു-
ണ്ടാരാലുണ്ടതിനൊരിടത്തു തെല്ലിളപ്പം;
പാരാതപ്പലക ദൃഢപ്രയത്നപൂൎവ്വം
ധീരാഗ്രേസരരൊടുവിൽപ്പൊളിച്ചു നീക്കി. 17

ഹാഹന്താത്ഭുത!മിതു മായയോ! പകിട്ടോ!
മോഹത്തിൻമറിവുകളോ! വെറുംകിനാവോ!
ഉൾഹൎഷം തരുമൊരു കാഴ്ച! പൂൎവ്വപുണ്യ-
വ്യൂഹത്തിൻകൊടുമുടി! ജന്മമേ! കൃതാൎത്ഥം!! 18

പയ്യാലും, പലവിധമോറ ദുസ്സഹാധി-
ത്തിയ്യാലും കൃശതനുവായ് കിടന്നു കേണും
നിൎയ്യാണസ്ഥിതിയൊടടുത്ത കോസലപ്പെൺ-
തയ്യാണസ്സുരുചിരസാധനം! വിചിത്രം!! 19

ഘോരാപദ്രജനി, ശുഭപ്രഭാതകാലം
ദൂരാലെങ്കിലു,മലകിൽക്കുറിച്ചിടുന്നു;
ആ രാജാ പ്രമിതസുഖാൎണ്ണവത്തിലുള്ളം
നീരാളി പ്രിയതമയെത്തലോടി മന്ദം. 20

ശ്രീസമ്പൽസ്സരനദി സാക്ഷിഭൂതയായു-
ല്ലാസം പൂണ്ടവനിപനസ്സപത്നസമക്ഷം
വാസത്തിന്നലകൾ കൊടുത്ത പേടകത്തിൽ
'കൌസല്യാകരപരിപീഡനം' കഴിച്ചു. 21

വെട്ടിക്കാപ്പലക പൊളിച്ചതത്തരത്തിൽ–
ത്തട്ടിച്ചേർത്തവരതിനുള്ളിലൊത്തു കൂടി,
തട്ടിപ്പിൽത്തിരകളടിച്ചു കൊണ്ടുപോയ് മുൻ–
മട്ടിൽസ്സാഗരനടുവിൽക്കടത്തിവിട്ടു. 22

തൻകർമ്മസ്ഖലനവിഷണ്ണചിത്തനായാ–
വങ്കൻ വങ്കടലിലെഴും തിമിംഗിലേന്ദ്രൻ
തങ്കണ്ണിൽപ്പരിചൊടണഞ്ഞ പേടകം നി–
ശ്ശങ്കം പൊന്നുടനെയെടുത്തു കാത്തു വീണ്ടും. 23

തൽക്കാലം ദശമുഖനബ്ജയോനിയെത്ത–
ന്നുൾക്കാമ്പാലമലസമാധിയാൽ സ്മരിച്ചു;
ചിൽക്കാമ്പാമനുജനുടനാശരേന്ദ്രസത്തം
തൃക്കാൽപ്പൂമ്പൊടികളണച്ചു പൂതമാക്കി. 24

വീതാഘം നിജനികടത്തിലാഗമിക്കും
ധാതാവെത്തെളിവൊടു സൽക്കരിച്ചിരുത്തി;
ഏതാനും ചില പരിഹാസ,മന്നിശാട–
വ്രാതാധീശ്വരനരചെയ്തുപോലിവണ്ണം:— 25

“കൊള്ളാ,മെൻദ്രുഹിണ! ‘മദീയശാസനം കൈ–
ക്കൊള്ളാതില്ലൊരുവനു’മെന്ന ധാർഷ്ട്യമെല്ലാം;
ഉള്ളാലങ്ങറിയുക; താവകാജ്ഞയീ നാം
തള്ളായ്ത്തീർത്തൊരു ചരിതം ശ്രവിക്ക ഭദ്രം. 26

മൽക്കാലൻ മനുജനെഴും പിതാക്കളെങ്ങാ–
ണിക്കാലം? പറയുക; വേണ്ട; ഞാനുണർത്താം;

ധിക്കാരം പെട്ടുമവനാററിലസ്തമിച്ചു;
തൽക്കാലം വധുവിനെ ഞാൻ മാച്ചുവെച്ചു. 27

കുന്നിക്കും കുതുകഭരാൽ വധൂവരന്മാ-
രൊന്നിക്കാതൊരു നൂതനതനുഭവിപ്പതാണോ?
മന്നിങ്കൽ സ്വീകരിപ്പവെ സ്വയംഭുവെന്നോ
നന്ദിച്ചിജ്ജനമറിയേണ്ടതിന്നി മേലിൽ?" 28

ചിത്താഹംകൃതിയൊട്ടു, നേരിട്ടും ഭവിഷ്യ-
ദ്വൃത്താന്തം ചെറുതുമറിഞ്ഞിടാത്ത വാക്യം
ഉൾത്താവും രസമൊട്ടു കേൾക്കവേ വിരിഞ്ചൻ
സത്താകും മറുപടിയീവിധം കഥിച്ചു:— 29

"നന്നായീ ക്രിയകളുമുദയവും ഫലപ്പെ-
ട്ടെന്നാവാമകതളിരിൽ ഭവാന്നു ബോധം;
ഒന്നാകെക്കാട്ടുവനമുഗ്രപാവകൻ ചു-
ട്ടെന്നാലും വനമതു പിന്നെയും തഴക്കും. 30

കാത്തും, കൺകരളുകളും കടക്കവാനാ-
കാത്തുള്ളത്ഭുതകരമായ ഭാവികാലം
പേർത്തും ചെന്നറിവതിനായുപായമില്ലാ-
തോർത്തുന്നു ജളമൊഴി മൂഢജീവജാലം. 31

എന്നോടിന്നരിജനനം തടുത്ത വീഴ്ചും
ചൊന്നോരിശ്ശുഭമയവേളയിൽ, ക്ഷിതീന്ദ്രൻ
തന്നോമൽപ്രിയയൊട്ടു ചേർന്നിരിപ്പു നന്നാ-
യെന്നോർത്തീടുക; പൊരുൾ ചെന്നു നോക്കിയാലും.

“പൊയ്യാണിക്കഥയിതസത്യമെന്നു സത്യം
ചെയ്യാ”മെന്നലറിയുടൻ തിമീന്ദ്രനോടായ്
കയ്യാലപ്പെരിയൊരു പെട്ടിയേറെ വാങ്ങി-
ത്തയ്യാറായ് ദ്രുഹിണസമക്ഷമാശരേശൻ. 33

സ്ഫീതാഹങ്കാരനായ്ത്താൻ ഝടിതിയതു തുറ-
ന്നീടവേ തോഴരും, ഭ്ര-
ത്രാതാവും, പത്നിയാളും സുഖമൊടു നിവസി-
ക്കുന്നിതാ മൂന്നുപേരും;
ഹാ! താൻ ചെയ്തുള്ള സൂത്രപ്പണികളെ വിധി മാ-
റ്റിച്ചതാണെന്നു ചിന്തി-
ച്ചോതാനാവാതെനിന്നാനതിപരുഷരുഷാ-
കമ്പിതൻ പങ്ക്തികണ്ഠൻ. 34

“ഈ വാളിന്നിവരെ ഞാനിരയാക്കിടാം, ഹേ
വൂവ്വാസ! നിന്മതവുമാവഴി പാഴിലാക്കാം”
ധീ വാടിടാതിതുമുര, ച്ചവരക്ഷണത്തിൽ-
ച്ചാവാനെടുത്തു കൊടുപാപി നിശാതഖഡ്ഗം. 35

“പെട്ടിക്കുള്ളിലൊരുത്തിയെന്നനില പോയ്-
യിപ്പോളിതാ മൂവരും-
പ്പെട്ടിട്ടുണ്ടു; വിചിത്രമീശ്വരനിതേ-
വണ്ണം വിധിച്ചീടിലോ

പൊട്ടിപ്പൊങ്ങുമസംഖ്യമര്‍ത്ത്യ,രതിലാ-
ശ്രീരാമനും കൂടിയുള്‍-
പ്പെട്ടില്ലെന്നു വരാവതോ? വിധിയൊടീ-
വക്കാണമൊക്കാവതോ?” 36

ഉദഞ്ചിടുമൊന്നാരശരീരിവചസ്സു കേട്ടു,
ഭാവം പകര്‍ന്നസി തെറിച്ചു, തളര്‍ന്നു ദേഹം,
‘ദൈവം വരുത്തുവതു വന്നിടു’മെന്ന ബോധം
കൈവന്നു യാതുപതി പേടകവും വെടിഞ്ഞു. 37

വിരിഞ്ചനുടെ കല്പനപ്പടിയതേ-
റ്റയോധ്യക്കകം
തിരിച്ചു ഭടരായതങ്ങവിടെ വി-
ട്ടു പോന്നീടിനാര്‍;
ശരിക്കു നൃപകന്യയെദ്ദശരഥന്‍
മഹാഡംബരം
സ്ഫുരിച്ചു ശുഭവേളയില്‍ പരിണയി-
ച്ചു പാര്‍ത്താന്‍ ശുഭം. 38

സമാപ്തം.

832